# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5413 23.05.17 ൽ മറുപടിയ്ക്ക്**

**<u>ഇരുചക്രനാലു ചക്ര വാഹനങ്ങളുടെ ആൾട്ടറേഷൻ</u>**

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | മറുപടി<br>ശ്രീ.തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കമ്പനി ഷോറൂമുകളിൽ നിന്നും ലഭിക്കുന്ന ഇരുചക്ര വാഹനങ്ങൾക്കും നാലു ചക്ര വാഹനങ്ങൾക്കും ആൾട്ടറേഷൻ വരുത്തുന്നതിന് മോട്ടോർ വാഹന വകുപ്പ് അനുമതി നൽകാറുണ്ടോ;എന്തൊക്കെ സാഹചര്യങ്ങളിലാണ് ഇത്തരത്തിൽ ആൾട്ടറേഷൻ അനുമതി ലഭ്യമാക്കുന്നത്;ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | കമ്പനി ഷോ റൂമുകളിൽ നിന്നും നിർമ്മാണം പൂർത്തിയാക്കി പുറത്തിറങ്ങുന്ന വാഹനങ്ങളിൽ ആൾട്ടറേഷൻ നടത്താൻ സാധാരണ ഗതിയിൽ വകുപ്പ് അനുമതി നൽകാറില്ല. എന്നാൽ ശാരീരിക വൈകല്യം അനുഭവിക്കുന്ന വ്യക്തികൾ അവരുടെ ഉപയോഗത്തിനായി വാങ്ങി രൂപമാറ്റം വരുത്തുന്ന വാഹനങ്ങൾക്ക് അനുമതി നൽകാറുണ്ട്. ഇത്തരം നാലുചക്രവാഹനങ്ങൾക്ക് അംഗീകാരം ലഭിച്ചിട്ടുള്ള വർക്ക്ഷോപ്പുകളിൽ രൂപമാറ്റം വരുത്താവുന്നതാണ്. ഇരുചക്ര വാഹനങ്ങളാണെങ്കിൽ വകുപ്പിലെ ഉദ്യോഗസ്ഥർ വാഹനം പരിശോധിച്ച് സുരക്ഷിതമാണെന്ന് ഉറപ്പ് വരുത്തി മാത്രമാണ് ഇത്തരം രൂപമാറ്റങ്ങൾ അനുവദിക്കാറ്. |
| (ബി) | ഇരുചക്രവാഹനങ്ങളുടെ സൈലൻസറിൽ മാറ്റം വരുത്തി ശബ്ദമലിനീകരണം ഉണ്ടാക്കുന്നതും വാഹനത്തിന്റെ ബാലൻസ് നഷ്ടപ്പെടുന്ന രീതിയിൽ ഹാൻഡിൽ ബാറുകൾ മാറ്റുന്നതും കണ്ണഞ്ചിപ്പിക്കുന്ന ലൈറ്റ് സംവിധാനങ്ങൾ പിടിപ്പിക്കുന്നതും വളരെ ശബ്ദമുള്ള ഹോണുകൾ പിടിപ്പിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;ഇതിനെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഇത്തരത്തിലുള്ള എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; | (ബി) | ഇരുചക്രവാഹനങ്ങളുടെ സൈലൻസർ, ഹാൻഡിൽ ബാർ എന്നിവിടങ്ങളിലെ അനധികൃത രൂപമാറ്റവും അമിത ശബ്ദമുള്ള ഹോണുകൾ പ്രവർത്തിപ്പിക്കുന്നതും നിയമവിരുദ്ധമാണ്. ഇത്തരം സംഭവങ്ങളിൽ വാഹനം കസ്റ്റഡിയിൽ എടുത്ത് അനധികൃത ആൾട്ടറേഷനുകൾ നീക്കം ചെയ്യാനും അതിനുശേഷം മാത്രം വിട്ടുനൽകാനും ബഹു. ഹൈക്കോടതി ഈയടുത്ത കാലത്ത് ഉത്തരവായിരുന്നു. കഴിഞ്ഞ വർഷം ഇത്തരം സംഭവങ്ങളിൽ 7496 വാഹന ഉടമകൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | അനാവശ്യമായി വാഹനങ്ങളിൽ ആൾട്ടറേഷൻ നടത്തുന്നത് നിയന്ത്രിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;ഇതിനായി പ്രത്യേക പരിശോധന മോട്ടോർ വാഹന വകുപ്പ് നടത്തുമോ? | (സി) | ഈ വിഷയത്തിൽ വകുപ്പ് കർശനമായ പരിശോധനകൾ നടത്തിവരുന്നു. അനധികൃതമായി മാറ്റം വരുത്തിയ വാഹനങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കി ശരിയായ രൂപത്തിൽ പുന:സ്ഥാപിക്കുന്നതിനാവശ്യമായ നടപടികളാണ് സ്വീകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ